| (1) | (2) | (3) |
|---|---|---|
| ആലപ്പുഴ | 202 | 65 |
| കോട്ടയം | 189 | 31 |
| ഇടുക്കി | 78 | 13 |
| മൂവാറ്റുപുഴ | 83 | 25 |
| എറണാകുളം | 215 | 57 |
| തൃശ്ശൂർ | 214 | 55 |
| പാലക്കാട് | 166 | 45 |
| മലപ്പുറം | 233 | 51 |
| കോഴിക്കോട് | 184 | 55 |
| വടകര | 70 | 9 |
| കണ്ണൂർ | 226 | 70 |
| കാസർഗോഡ് | 72 | 24 |
| വയനാട് | 48 | 24 |
| ആകെ | 2658 | 635 |

(സി) 305. ജില്ല തിരിച്ച് അവയുടെ പേരുകൾ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.*

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

**ജലഗതാഗതം പ്രോത്സാഹിപ്പിക്കാൻ നടപടി**

**364 (3656)** ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള കനാലുകൾ വൃത്തിയാക്കി ജലഗതാഗതം പ്രോത്സാഹിപ്പിക്കുവാൻ ജലഗതാഗത വകുപ്പ് നടപടി സ്വീകരിക്കുമോ ;

(ബി) ഏതെല്ലാം കനാലുകളാണ് ഇത്തരത്തിൽ ജലഗതാഗതത്തിന് ഉപയുക്തമാക്കാൻ അനുയോജ്യമായതെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ;

(സി) നിലവിലെ പൊതുനിരത്തുകളിലെ ഗതാഗതക്കുരുക്കും ചരക്ക് ഗതാഗതവും ഗണ്യമായി കുറയ്ക്കുവാൻ ജലഗതാഗത സൗകര്യം ഉപയോഗപ്പെടുത്തുവാൻ സത്വര നടപടി സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ബോട്ടുകൾ സർവ്വീസ് നടത്തുന്ന റൂട്ടുകൾ സഞ്ചാരയോഗ്യമാക്കുന്നത് ഹൈഡ്രോ ഗ്രാഫിക് സർവ്വേ വിഭാഗം, ജലവിഭവ വകുപ്പ് എന്നിവയുമായി ചേർന്നാണ്. ഹൈഡ്രോ ഗ്രാഫിക് സർവ്വേ വിഭാഗം സർവ്വേ നടത്തി നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബോട്ടുസർവ്വീസ് നടത്തുന്ന വൈക്കം-തവണക്കടവ്, മുഹമ്മ-കുമരകം, പേഴംതുരുത്ത്-സൗത്ത് പറവൂർ എന്നീ റൂട്ടുകൾ ആഴംകൂട്ടൽ നടത്തി ചാനൽ മാർക്ക് ചെയ്യുന്നതിന് ജലവിഭവ വകുപ്പ്, എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും, ആലപ്പുഴ, കോട്ടയം ജില്ലകളിലെ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഹൈഡ്രോഗ്രാഫിക് സർവ്വേ നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ട റൂട്ടുകൾ ജില്ലതിരിച്ച് ചുവടെ ചേർക്കുന്നു:

1. കൊല്ലം-പേഴംതുരുത്ത്-കോയിവിള (കൊല്ലം ജില്ല)
2. എറണാകുളം-മട്ടാഞ്ചേരി (എറണാകുളം)
3. പാണാവള്ളി-പൂത്തോട്ട (ആലപ്പുഴ)
4. മുഹമ്മ -കണ്ണങ്കര-മണിയാപറമ്പ് (ആലപ്പുഴ)
5. ആലപ്പുഴ-കോട്ടയം
6. ആലപ്പുഴ-ചങ്ങനാശ്ശേരി (കോട്ടയം)
7. ആലപ്പുഴ-എടത്വ (ആലപ്പുഴ)
8. ആലപ്പുഴ-നെടുമുടി (വേണാട്ടുകാട് വഴി) (ആലപ്പുഴ)
9. പറശ്ശിനിക്കടവ്-മാട്ടൂല് (കണ്ണൂർ ജില്ല)
10. അയിറ്റി-പടന്ന (കാസർഗോഡ്)

(സി) എറണാകുളം ജില്ലയിലെ ഗതാഗതക്കുരുക്ക് കണക്കിലെടുത്ത് ഏകദേശം 20 മിനിട്ട് സമയം മാത്രമെടുത്ത് പുതുതായി ഇപ്പോൾ വൈറ്റില-കാക്കനാട് സർവ്വീസ് നടത്തിവരുന്നു. എറണാകുളം-ഫോർട്ട് കൊച്ചി റോഡ് മാർഗ്ഗം ഏകദേശം 45 മിനിട്ട് എടുക്കുമ്പോൾ കേവലം 10 മിനിട്ട് കൊണ്ട് ജലമാർഗ്ഗവും കൂടാതെ എറണാകുളം-വൈപ്പിൻ റോഡുമാർഗം 50 മിനിട്ട് എടുക്കുമ്പോൾ കേവലം 13 മിനിട്ട് കൊണ്ട് ജലമാർഗ്ഗവും ടി മേഖലകളിൽ ഗതാഗതക്കുരുക്കില്ലാതെ എത്തിച്ചേരുവാൻ കഴിയുന്നുണ്ട്. ഇതിനുപുറമേ വൈക്കം-തവണക്കടവ് റൂട്ട് റോഡുമാർഗം ഒരു മണിക്കൂറിൽ കൂടുതൽ വേണ്ടി വരുമ്പോൾ 10 മിനിട്ടിൽ താഴെ ഫെറിയും കൂടാതെ ഏകദേശം

LIBRARY ARCHIVES Kerala Legislative Assembly

7 കിലോമീറ്റർ ദൈർഘ്യമുള്ള മുഹമ്മ-കുമരകം-ഫെറി ഒരു മണിക്കൂറിൽ താഴെ മാത്രം എടുത്തുകൊണ്ട് അതായത് റോഡ് മാർഗ്ഗത്തിന്റെ പകുതി സമയം മാത്രം ഉപയോഗിച്ച് സർവ്വീസ് നടത്തിവരുന്നു. ഇതു വഴി ഒരു പരിധിവരെ ഈ മേഖലയിലെ റോഡ് ഗതാഗതക്കുരുക്ക് കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

## യാത്രാബോട്ടുകൾ പുനഃസ്ഥാപിക്കൽ

365 (3657) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ തീരദേശ മേഖലകളിൽ കൊറ്റി-കോട്ടപ്പുറം ഉൾനാടൻ ജലഗതാഗത റൂട്ടിൽ ഓടിക്കൊണ്ടിരിക്കുന്ന യാത്രാബോട്ടുകൾ നിർത്തൽ ചെയ്ത കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ ബോട്ടുകൾ പുനഃസ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

### ഉത്തരം

കൊറ്റി-കോട്ടപ്പുറം റൂട്ടിൽ 2006-ൽ മാവില കടപ്പുറം-ഓരിക്കടവ് പാലം പണിക്കുവേണ്ടി പുഴയ്ക്ക് കുറുകെ ബണ്ട് നിർമ്മിച്ചതിനെ തുടർന്ന് മാവിലാടം ജെട്ടി മുതൽ കോട്ടപ്പുറം വരെയുള്ള സർവ്വീസ് ഒഴിവാക്കേണ്ടി വന്നു. പകരമായി പ്രദേശത്തെ ജനപ്രതിനിധികളുടെ അഭിപ്രായം അനുസരിച്ച് അയിറ്റി-മാവിലാടം ഷട്ടിൽ സർവ്വീസ് ആരംഭിക്കുകയും നിലവിൽ ഇത് നടത്തുന്നുമുണ്ട്. വർഷങ്ങൾ കഴിഞ്ഞ് പാലം പണി പൂർത്തീകരിച്ചപ്പോൾ അഴിമുഖപ്രദേശമായ ടി ബോട്ട് റൂട്ടിൽ മണൽ കൂനകൾ രൂപപ്പെട്ടതിനാൽ സർവ്വീസ് പുനരാരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3311, 3339, 3546 എന്നിവയുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.)

ചോദ്യോത്തരങ്ങൾ കഴിഞ്ഞു.